മനുഷ്യനെന്ന പേരുണ്ടല്ലോ

(പി ഡി ജോർജ് നടവയൽ)

മനുഷ്യനെന്ന പേരുണ്ടല്ലോ,
മതിമറക്കാനതുമതി!

മനുഷ്യന്റെ രൂപമുണ്ടല്ലോ,
മതിമതിയതു പലതിനും!

മനുഷ്യന്റെ തന്ത്രങ്ങളുണ്ടല്ലോ,
മലക്കം മറിയാനെന്തെളുപ്പം!

മനുഷ്യ സ്ഥാനമാനങ്ങളുണ്ടല്ലോ,
മാന്തിക്കീറാനജണ്ടയായ്!

മനുഷ്യ രാജ്യങ്ങളുണ്ടല്ലോ,
മാലോകരെ പൂട്ടാനെന്തുളുപ്പം!

മനുഷ്യക്കോർപ്പറേറ്റുകളുണ്ടല്ലോ,
മാറാച്ചങ്ങല കാലിലാണിയായ്!

മനുഷ്യദൈവങ്ങളുണ്ടല്ലോ,
മനുഷ്യച്ചോരക്കുരുതിയ്ക്കതുമതി!

മനുഷ്യക്കടത്തുണ്ടല്ലോ,
മാംസം രുചിക്കാൻ രസവഴി!

മനുഷ്യതത്വങ്ങളുണ്ടല്ലോ,
മണ്ണിട്ടുമൂടാനാറടി!

മനുഷ്യനെത്തേടിത്തളർന്നല്ലോ,
മനുഷ്യനെങ്ങുമില്ലല്ലോ!